## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ 08.12.2014 ലെ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 1923

### കമ്മ്യൂണിറ്റി അഗ്രോബയോടെക് റിസോഴ്സസ് സെന്റർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കമ്മ്യൂണിറ്റി അഗ്രോബയോടെക് റിസോഴ്സസ് സെന്റർ (CARC) -മായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കാർഷിക മേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്(ജെ.എൻ.റ്റി.ബി.ജി. ആർ. ഐ) എന്ന സ്ഥാപനം കമ്മ്യൂണിറ്റി അഗ്രോബയോടെക് റിസോഴ്സസ് സെന്ററുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കാർഷിക മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>സംസ്ഥാനത്ത് പ്രചാരത്തിലുണ്ടായിരുന്ന വാഴയിനങ്ങളുടെ ഒരു ജനിതകശേഖരം നിർമ്മിക്കുകയും സംരക്ഷിക്കുകയും അന്യം നിന്നു പോയ അനേകം ഇനങ്ങളുടെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുന്നു. വാഴനാരുകളിൽ നിന്നും ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വിദഗ്ധ പരിശീലനം നൽകി വരുന്നു. ഔഷധ സസ്യങ്ങളുടെ കൃഷിക്കും, പരിപാലനത്തിനും വേണ്ട പരിശീലനം നൽകി വരുന്നു. ഔഷധ കൃഷിയുടെ നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുകയും അവ നൽകുകയും കൃഷി പ്രോത്സാഹിപ്പിക്കുകയും ഉൽപ്പന്നത്തിന് വിപണി ലഭ്യമാക്കുകയും ചെയ്യുന്നു. |

(ബി) കാർഷിക മേഖലയുമായി ബന്ധപ്പെട്ട് CARC -യുടെ പരിധിയിൽ വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) കാർഷികമേഖലയുമായി ബന്ധപ്പെട്ട ജൈവ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പ്രോഗ്രാമുകൾക്ക് ഗ്രാമീണ മേഖലയിലെ കർഷകർക്കും, മറ്റ് തൊഴിൽ രഹിതർക്കും, സ്വയംതൊഴിൽ കണ്ടെത്താൻ ശ്രമിക്കുന്നവർക്കും പരിശീലനം നൽകുകയും അവരെ- സ്വയം പര്യാപ്തരാക്കുകയുമാണ് CARC യുടെ പരമമായ ലക്ഷ്യം. ജൈവ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ കൃഷി സംബന്ധിയായ കാര്യങ്ങളുടെയെല്ലാം പ്രോത്സാഹനവും പ്രചരണവും CARC ന്റെ പരിധിയിൽ വരുന്ന പ്രവർത്തനങ്ങളാണ്. കൃഷി അനുബന്ധമായി വരുന്ന കാര്യങ്ങളായ ജൈവകീടനാശിനി, ജൈവവളം തുടങ്ങിയവയും CARC കളുടെ പരിധിയിൽ പെടുന്നു. ഗ്രാമീണ കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളുടെയെല്ലാം സഹകരണവും, ഏകോപന പ്രവർത്തനങ്ങളും CARCലക്ഷ്യമിടുന്നു.

അണ്ടർ സെക്രട്ടറി റ്റു ഗവൺമെന്റ്